**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4178** **28-10-2021 - ൽ മറുപടിയ്ക്ക്**

**പയ്യോളി സബ്ട്രഷറി ആഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ സ്വകാര്യ വാടക കെട്ടിടങ്ങളിൽ ഏതെങ്കിലും ട്രഷറി ആഫീസുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോഴിക്കോട് ജില്ലയിൽ പയ്യോളി, പേരാമ്പ്ര, ഫറോക്ക്, വടകര, ബാലുശ്ശേരി, കൂരാച്ചുണ്ട് എന്നീ 6 ട്രഷറികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പയ്യോളി, ബാലുശ്ശേരി സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല. പേരാമ്പ്ര സബ് ട്രഷറിയ്ക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. വടകര സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി DPR തയ്യാറാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഫറോക്ക് സബ് ട്രഷറിയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫറോക്ക് വില്ലേജിൽ റീ സർവ്വേ നമ്പർ 403/2 ബി2-ൽപ്പെട്ട ചരക്ക് സേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 30 സെന്റ് സ്ഥലത്തു നിന്നും 10 സെന്റ് സ്ഥലം ഫറോക്ക് ട്രഷറി വകുപ്പിന് ലഭ്യമായിട്ടുള്ളതും അനുവദിച്ച സ്ഥലം ട്രഷറി നിർമ്മാണത്തിന് മതിയാകാത്തതിനാൽ 10 സെന്റ് സ്ഥലം കൂടി ട്രഷറി വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതും ആയത് LSGD വകുപ്പിന്റെ പരിഗണനയിലുള്ളതുമാണ്. |
| (ബി) | പയ്യോളി സബ്ട്രഷറി ആഫീസിന് ഭൂമി കണ്ടെത്തി കൈമാറിനൽകിയാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പണം അനുവദിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ